ഈ അധികാര വികേന്ദ്രീയ പ്രക്രിയ മൂലം അംഗൻവാടികളുടെ സേവനം കൂടുതൽ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നുണ്ട്.

(ബി) ഐ.സി.ഡി.എസ് പദ്ധതി 100% കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ആയതിനാൽ അംഗൻവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിക്കേണ്ടത് കേന്ദ്രസർക്കാരാണ്.

(സി) അംഗൻവാടി പ്രവർത്തകർ ഓണറി ജീവനക്കാരാണ്. ഇവരെ സർക്കാർ സർവീസിൽ റെഗുലറൈസ് ചെയ്യാൻ നിർവാഹമില്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(ഡി) ഗ്രാമപഞ്ചായത്തുകളുടെ പങ്കാളിത്തം ലഭ്യമാക്കിയതിലൂടെ അംഗൻവാടി ജീവനക്കാർക്ക് ആരോഗ്യ-വിദ്യാഭ്യാസ സാമൂഹ്യ ക്ഷേമ മേഖലകളിൽ കൂടുതലായി പ്രവർത്തിക്കുന്നതിന് അവസരം ലഭിക്കുന്നുണ്ട്.

51 (553) അംഗൻവാടി വർക്കർ നിയമനം

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ബ്ലോക്കിൽ അംഗൻവാടി വർക്കർ നിയമനത്തിൽ നടന്നിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടിയെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

52 (554) തൃശ്ശൂർ ജില്ലയിലെ അംഗൻവാടികൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പുതിയതായി തൃശ്ശൂർ ജില്ലയിലെ ഏതൊക്കെ ബ്ലോക്കുകളിലാണ് അംഗൻവാടികൾ ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ബ്ലോക്കുകൾ തിരഞ്ഞെടുക്കുന്നതിനുള്ള പ്രത്യേകം മാനദണ്ഡങ്ങൾ എന്തൊക്കെ;

(സി) ചേർപ്പ് ബ്ലോക്കിൽ പുതിയതായി അംഗൻവാടികൾ ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നു മുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലോകബാങ്കിന്റെ സഹായത്തോടെ തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര, പുഴയ്ക്കൽ എന്നീ ബ്ലോക്കുകളിലാണ് ഈ വർഷം പുതിയതായി അംഗൻവാടികൾ ആരംഭിക്കുന്നത്.

(ബി) ജനസംഖ്യാനുപാതികമായിട്ടാണ് ഓരോ ബ്ലോക്കിലും അംഗൻവാടികൾ ആരംഭിക്കുന്നത്. കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭ്യമായ ലിസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly